# ഗ്രാമീണ്‍ കൃഷി മൗസം സേവാ

## കാര്‍ഷിക കാലാവസ്ഥ ബുള്ളറ്റിന്‍, വയനാട്ജില്ല

എ.എ.ബി ബുള്ളറ്റിന്‍ നമ്പര്‍.:40/ 2025-2026

ദിവസം&തീയ്യതി: ചൊവ്വാഴ്ച്ച, 20.05.2025

| കഴിഞ്ഞ വാരത്തിലെ സംക്ഷിപ്ത കാലാവസ്ഥ (Dated 13.05.25 to 19.05.25) | | | | | | | കാലാവസ്ഥാഘടകങ്ങള്‍ | കാലാവസ്ഥാ പ്രവചനം: (Valid for 21.05.25 to 25.05.25) | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| 13/05 | 14/05 | 15/05 | 16/05 | 17/05 | 18/05 | 19/05 | തീയ്യതി | 21/05 | 22/05 | 23/05 | 24/05 | 25/05 |
| 0 | 2 | 0.3 | 25.3 | 0 | 2.1 | 1.2 | മഴ (മില്ലി.മീറ്റര്‍) | 20 | 7 | 3 | 10 | 22 |
| 32.6 | 29.9 | 29.9 | 30.2 | 29.9 | 29.7 | 29.8 | ഉയര്‍ന്ന താപനില ($^oC$) | 25 | 25 | 26 | 26 | 26 |
| 18.6 | 18.2 | 18 | 18.7 | 18.6 | 18.2 | 18 | കുറഞ്ഞ താപനില($^oC$) | 22 | 22 | 22 | 22 | 22 |
| 89 | 95 | 88 | 90 | 88 | 90 | 95 | കൂടിയഅന്തരീക്ഷ ആര്‍ദ്രത (%) | 100 | 100 | 100 | 100 | 100 |
| 70 | 68 | 67 | 67 | 68 | 70 | 63 | കുറഞ്ഞഅന്തരീക്ഷ ആര്‍ദ്രത (%) | 96 | 96 | 96 | 96 | 96 |
| 2.3 | 2.6 | 1.7 | 2 | 1.9 | 1.8 | 1.8 | കാറ്റിന്റെവേഗത(കിലോമീറ്റര്‍/മണിക്കൂര്‍) | 4 | 6 | 8 | 6 | 3 |
| NNW | SSW | SSW | SSW | SSW | SSW | NNW | കാറ്റിന്റെദിശ(ഡിഗ്രി | 230 | 230 | 230 | 200 | 200 |
| 7 | 7 | 7 | 7 | 7 | 7 | 7 | മേഘവ്യാപ്തി(ഒക്ട) | 8 | 7 | 7 | 7 | 8 |

**കാര്‍ഷിക കാലാവസ്ഥാ മുന്നറിയിപ്പുകള്‍ :** അടുത്ത ദിവസങ്ങളില്‍ ഒറ്റപ്പെട്ട സ്ഥലങ്ങളില്‍ മിതമായതോ കനത്തതോ ആയ മഴ പ്രതീക്ഷിക്കാം. പുതയിടല്‍ പോലുള്ള ഈര്‍പ്പം സംരക്ഷണ രീതികള്‍ സ്വീകരിക്കുക.

| വിളകള്‍ | കാര്‍ഷിക/മൃഗസംരക്ഷണ നിര്‍ദ്ദേശങ്ങള്‍ |
|---|---|
| **നെല്ല്** | നെല്ല് : മൂപ്പ് ത്വരിതപ്പെടുത്തുന്നതിനായി വെള്ളം വാര്‍ത്തു കളയുക . മഴകുറയുന്നതോടെ കൊയ്ത്ത് നടത്തുക<br>നിലവില്‍ ജല ലഭ്യതയുള്ള പാടങ്ങളില്‍ നഞ്ചക്കൃഷിക്ക് നിലമൊരുക്കാവുന്നതാണ് |
| **തെങ്ങ്**<br>(കൊമ്പന്‍ചെല്ലി) | തെങ്ങിന്റെ മണ്ഡവൃത്തിയാക്കുക . കൊമ്പന്‍ ചെല്ലിയുടെ ആക്രമണ ലക്ഷണങ്ങള്‍ കാണുന്ന ദ്വാരങ്ങളില്‍ നിന്നും ചെല്ലി കോല്‍ ഉപയോഗിച്ചു ചെല്ലിയെ പുറത്തെടുക്കുക തുടര്‍ന്നുണ്ടാകുന്ന മുറിപ്പാടുകളില്‍ ബോര്‍ഡോ കുഴമ്പ് പുരട്ടുക.<br>1. വേപ്പിന്‍ പിണ്ണാക്ക് 250 ഗ്രാം + 250 ഗ്രാം മണലുമായി ചേര്‍ത്ത് ഏപ്രില്‍ മെയ് , സെപ്റ്റംബര്‍ ഒക്ടോബര്‍ മാസങ്ങളില്‍ ഓലക്കവിളുകളില്‍ ഇടുക.<br>2. തെങ്ങിന്റെ മണ്ടവൃത്തിയാക്കിയ ശേഷം 20 ഗ്രാം കാര്‍ടാപ് ഹൈഡ്രോക്ലോറൈഡ് 200 ഗ്രാം മണലും കൂട്ടിക്കലര്‍ത്തിയ മിശ്രിതം നിക്ഷേപിക്കുക. ഈ പരിചരണം 3 പ്രാവിശ്യം ജനുവരി, മെയ് , സെപ്റ്റംബര്‍ മാസങ്ങളില്‍ ചെയ്യേണ്ടതാണ്.<br>ഇടവിട്ടുള്ള മഴയോടുകൂടിയുള്ള അന്തരീക്ഷവസ്ഥ ഫൈറ്റോഫ്‌ത്തോറ മൂലമുള്ള മണ്ട ചീയലിനു അനുകൂലമാണ് . ഇതിനെതിരെ മുന്‍കരുതലായി 1 % വീര്യമുള്ള ബോര്‍ഡോ മിശ്രിതം പശചേര്‍ത്ത് തളിച്ചുകൊടുക്കുക |
| **കമുക്**<br>(മഹാളി) | കൃഷിയിടം വൃത്തിയാക്കി സൂക്ഷിക്കുക കൊഴിഞ്ഞുപോയ അടക്കകള്‍ നശിപ്പിച്ചു കളയുക. തെക്കുപടിഞ്ഞാറന്‍ കാലവര്‍ഷം ആരംഭിക്കുന്നതിന് മുന്‍പായി ഒരു ശതമാനം വീര്യമുള്ള ബോര്‍ഡോ മിശ്രിതം കുലകളിലും ഇലകളിലും തളിച്ച കൊടുക്കുക. |
| **കുരുമുളക്**<br>(ചീച്ചല്‍ രോഗം) | മുന്‍കരുതലായി ട്രൈക്കോഡെര്‍മ്മ സമ്പുഷ്ടമാക്കിയ വേപ്പിന്‍ പിണ്ണാക്ക് ചാണകം മിശ്രിതം 150 ഗ്രാം വീതം തടത്തില്‍ വിതറി മണ്ണുമായി ചേര്‍ത്തിളക്കുക.<br>രോഗലക്ഷണങ്ങള്‍ കണ്ടു തുടങ്ങിയാല്‍ റെഡോമില്‍ രണ്ടു ഗ്രാം ഒരു ലിറ്റര്‍ വെള്ളത്തില്‍ എന്ന തോതില്‍ കലര്‍ത്തി തടത്തിലെ മണ്ണില്‍ കുതിര്‍ത്തുക.<br>ദ്രുതവാട്ടത്തിനെതിരെ മുന്‍കരുതലായി 150 ഗ്രാം ട്രൈക്കോഡെര്‍മ സംബുഷിട്ടീകരിച്ച ചാണകപ്പൊടി കുരുമുളകിന്റെ തടത്തില്‍ ഇട്ടുകൊടുത്തു മണ്ണ് കയറ്റികൊടുക്കുക |
| **വാഴ** | വേനല്‍ മഴയോടെ കാറ്റിന്റെ വേഗത കൂടാന്‍ സാധ്യത ഉള്ളതിനാല്‍ താങ്ങു കാലുകള്‍ നല്‍കേണ്ടതാണ്.ഇലപ്പുള്ളി രോഗത്തിന് അനുകൂല അന്തരീക്ഷ സ്ഥിതിയാണ്.ഇതിനെതിരെ കര്‍ഷകര്‍ജാഗ്രത പുലര്‍ത്തുക |
| **ഇഞ്ചി/മഞ്ഞള്‍**<br>(നടുന്ന സമയം) | വാട്ടം /ചീച്ചല്‍ മുന്‍കരുതലായി നടുന്ന സമയം നിലമൊരുക്കുമ്പോള്‍ ട്രൈക്കോഡെര്‍മ്മ സമ്പുഷ്ടമാക്കിയ ചാണകം ( 100 കിലോഗ്രാം ചാണകത്തില്‍ ഒരു കിലോ ഗ്രാം ട്രൈക്കോഡെര്‍മ്മ) ഉപയോഗിക്കുക അല്ലെങ്കില്‍ 100 ചതുരശ്രമീറ്ററിന് 25 ഗ്രാം വീതം ട്രൈക്കോഡെര്‍മ്മ മണ്ണില്‍ നേരിട്ട് ചേര്‍ത്തു യോജിപ്പിക്കുക. |
| **ഏലം** | ഏല തോട്ടങ്ങളില്‍ കീട നിയന്ത്രണത്തിന്റെ ഭാഗമായി ഉണങ്ങിയ ഇലകള്‍ മുറിച്ചു മാറ്റേണ്ടതാണ് . തണ്ടുതുരപ്പന്റെ ആക്രമണത്തിന് സാധ്യതയുണ്ട് ഇതിനെതിരെ ക്ലോറാന്‍ട്രാനിലി പ്രോള്‍ 3 മില്ലി 10 ലിറ്റര്‍ വെള്ളത്തില്‍ ലയിപ്പിച്ചു മഴയൊഴിഞ്ഞ സമയത്ത് തളിക്കാവുന്നതാണ് . കട്ടെ രോഗം ബാധിച്ച ഏല ചെടികള്‍ പിഴുതു മാറ്റുക . അഴുകല്‍ രോഗത്തിനെതിരെ സാധ്യതയുള്ളതിനാല്‍ നീര്‍ വാര്‍ച്ച ഉറപ്പുവരുത്തുക |

| | |
|---|---|
| **കാപ്പി** | നിലവിലുള്ള അന്തരീക്ഷവസ്ഥയിൽ കായ അഴുകൽ രോഗത്തിന് സാധ്യത കൂട്ടുന്നു . ഇതിനെതിരെ മുൻകരുതലായി 0 .5 % വീര്യത്തിൽ പശചേർത്തു തളിച്ചുകൊടുക്കേണ്ടതാണ്. |
| **പച്ചക്കറികൾ** | വെള്ളരിവർഗ പച്ചക്കറികൾ നടാൻ അനുയോജ്യമായ സമയമാണ് .വെണ്ടയുടെ ഇലചുരുട്ടിപുഴു, മ ണ്ഡരി എന്നിവയുടെ വ്യാപനത്തിന് സാധ്യത |
| **മൃഗ സംരക്ഷണം** | കാലിത്തീറ്റ സംഭരിച്ചു വക്കുന്ന സ്ഥലങ്ങളിൽ നനവ് ഇല്ലാതെ സൂക്ഷിക്കുന്നത് വഴി ഭക്ഷ്യവിഷബാധ ഒഴിവാക്കാം.എലികളുടെ ആക്രമണം തടയുക വഴി എലിപ്പനി രോഗം തടയുന്നതിനായി തൊഴുത്തും പരിസരവും വൃത്തിയായി സുക്ഷിക്കുകയും ഭക്ഷണ അവശിഷ്ടങ്ങളും ചപ്പുചവറുകളും വൃത്തിയായി സംസ്കരിക്കുകയും ചെയ്യുക. |

പ്രാദേശികകാർഷികഗവേഷണകേന്ദ്രം അമ്പലവയലും ഭാരതീയ കാലാവസ്ഥാവകുപ്പും സംയുക്തമായിഭാരതീയ കാലാവസ്ഥാവകുപ്പും സംയുക്തമായി തയ്യാറാക്കുന്നത്